വ്യത്യസ്ത വിദ്യാലയം വിശ്വസ്ത വിദ്യാലയം

# ഗവ എൽ പി എസ് പണ്ടാരത്തുരുത്ത്

ചെറിയഴീക്കൽ പി ഒ, കരുനാഗപ്പള്ളി ,ഫോൺ : 6238668808

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

Scanned with OKEN Scanner

# PROFILE

| | | |
|---|---|---|
| Name of school | : | GLPS PANDARATHURUH |
| Date of Establishment | : | 1930 |
| Area | : | 40 CENT |
| Name of village | : | Cheriyazheekkal |
| Name of Panchayath | : | Alappad |
| Name of block | : | Oachira |
| Name of BRC | : | Karunagappally |
| Name of district | : | Kollam |
| Name of sub district | : | Karunagappally |
| Name of HM | : | Jassi T |
| Mobile number | : | 6238668808 |
| Name of SMC chairman | : | Sajitha S |
| Email ID | : | govptlps@gmail.com |
| School code | : | 41235 |
| Name of Taluk | : | Karunagappally |

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗവ: എൽ. പി സ്കൂൾ, പണ്ടാരതുരുത്ത്

### ആമുഖം

കരുനാഗപ്പള്ളി താലൂക്കിൽ അറബിക്കടലിനും ടി.എസ് കനാലിനുമിടയിൽ ആലപ്പാട് പഞ്ചായത്തിൽ 14-ാം വാർഡിലാണ് പണ്ടാരത്തുരുത്ത് ഗവ. എൽ.പി. എസ് സ്ഥിതി ചെയ്യുന്നത്. പണ്ടാരത്തുരുത്ത്, വെള്ളനാതുരുത്ത് മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ പിഞ്ചുകുഞ്ഞുങ്ങൾക്ക് തലമുറകളായി പ്രാഥമിക വിദ്യഭ്യാസം നൽകി വരുന്ന ഏക സ്ഥാപനമാണ് പണ്ടാരത്തുരുത്ത് ഗവ. എൽ.പി.എസ്. 1930 ന്റെ ആദ്യകാലങ്ങളിൽ ഒരോലപ്പുരയിൽ പ്രവർത്തനമാരംഭിച്ച സ്കൂൾ 1945ൽ തിരുവിതാംകൂർ മഹാരാജാവിന്റെ ഗവൺമെന്റ് ഏറ്റെടുത്തു. തുടർന്ന് കുട്ടികളാലും അധ്യാപകരാലും സമ്പന്നമായിരുന്ന ഈ സ്കൂൾ പ്രകൃതിക്ഷോഭങ്ങളും തുടർച്ചയായ കരിമണൽഖനനവും സുനാമി പുനരധിവാസവും മൂലം കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വന്നു. ഈ അവസ്ഥ മനസ്സിലാക്കി നാട്ടിലുള്ള നിസ്വാർത്ഥമതികളായ സൻമനസ്സുള്ള ചില.വ്യക്തികൾ ചേർന്ന് സ്കൂൾ വികസന സമിതി എന്നൊരു സംഘടനയ്ക്ക് രൂപം നൽകുകയും, അതുവഴി സ്കൂൾ മെച്ചപ്പെട്ട നിലവാരത്തിലുയരുകയും ചെയ്തു സുനാമിക്ക് ശേഷം സ്കൂൾ വികസന സമിതിയുടെ പരിശ്രമത്താൽ സർക്കാരിൽ നിന്ന് ലഭിച്ച സ്കൂൾ ബസിന്റെ സഹായത്താൽ പരമാവധി കുട്ടികളെ സ്കൂളിലെത്തിക്കുന്നു.

മാറി മാറി വരുന്ന സാമൂഹ്യ പശ്ചാത്തലത്തിനനുസരിച്ചും വിദ്യാഭ്യാസ രീതികൾക്കുമനുസരിച്ചും മാറ്റങ്ങൾ ഉണ്ടാക്കാൻ അധ്യാപകരും, എസ്.എം.സിയും, സ്കൂൾ വികസന സമിതിയും കൂട്ടായി പ്രവർത്തിക്കുന്നതിനാൽ വിദ്യാലയ പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടു പോകുന്നുണ്ട്.

കൊല്ലം ജില്ലയിലെ തന്നെ ആദ്യ ഹൈടെക് പ്രൈമറി സ്കൂളായ പണ്ടാരത്തുരുത്ത് ഗവ: എൽ.പി.എസിൽ പഠന മാധ്യമം മാതൃഭാഷയിലാണെന്നുള്ളത് ഏറെ ശ്രദ്ധേയമാണ്.

Scanned with OKEN Scanner

# പൊതുവിശകലനം

ആലപ്പാട് പഞ്ചായത്തിലെ മത്സ്യബന്ധന ഗ്രാമമായ പണ്ടാരത്തുരുത്ത് എന്ന പ്രദേശം സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരമായും വളർന്നുകൊണ്ടിരിക്കുന്ന തീരപ്രദേശമാണ്. ഇവിടെ സ്ഥിതിചെയ്യുന്ന പണ്ടാരത്തുരുത്ത് ഗവൺമെൻറ് എൽ പി സ്കൂൾ 1930 കാലഘട്ടത്തിലാണ് രൂപീകൃതമായത്. 1 മുതൽ 5 വരെയുള്ള ക്ലാസുകളിൽ ആണ് പഠനം നടക്കുന്നത്. ആലപ്പാട് പഞ്ചായത്തിലെ 13 ,14, 15 ,16 വാർഡുകളിലെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയമാണ് മലയാളം&ഇംഗ്ലീഷ് മീഡിയത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം. 2004 ലെ സുനാമി പുനരധിവാസത്തിനുശേഷം കുട്ടികൾ കുറയുകയും ചെയ്തു. 2008 സ്കൂൾ വികസന സമിതി രൂപീകൃതമാവുകയും തൽഫലമായി കുട്ടികളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു. വികസന സമിതിയുടെയും എസ് എം സി യുടെയും പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെയും കൂട്ടായ പരിശ്രമത്താലും തദ്ദേശസ്ഥാപനത്തിന്റെ സഹായത്താലും ഭൗതിക സാഹചര്യങ്ങൾ അടക്കം നല്ലൊരു സ്കൂൾ അന്തരീക്ഷം കെട്ടിപ്പടുക്കുവാൻ സാധിച്ചു. ഇപ്പോൾ പ്രീപ്രൈമറി ഉൾപ്പെടെ ഒന്നുമുതൽ അഞ്ചുവരെയുള്ള ക്ലാസുകളിൽ ആയി 124 കുട്ടികൾ പഠിക്കുന്നു. ഈ സ്കൂളിൽ ഹെഡ്മിസ്ട്രസ് ഉൾപ്പെടെ അഞ്ച് അധ്യാപകരും ഒരു പിടി സി എമ്മും പ്രൈമറി രണ്ട് അധ്യാപകരും ഒരു ആയയും ആണ് ജീവനക്കാരായി ഉള്ളത്.

## ലക്ഷ്യങ്ങൾ

- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുക
- കുട്ടികളിൽ മൂല്യങ്ങൾ,ധാരണകൾ ഉറപ്പിക്കുന്നതിനായി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി 8 മേഖലകളിലുള്ള ബോധവൽക്കരണം നടപ്പിലാക്കുക
- ഭാഷ ,ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹിന്ദി എന്നീ വിഷയങ്ങളിൽ കുട്ടികൾ നേടേണ്ട ശേഷികൾ ഉറപ്പാക്കുക

  പിന്നോക്കക്കാരെ കണ്ടെത്തി അവർക്ക് അനുയോജ്യമായ പിന്തുണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക
- ഓരോ കുട്ടിക്കും വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കി സൂക്ഷിക്കുക
- മൂന്ന് അഞ്ചു ക്ലാസുകളിലെ കുട്ടികൾക്കായി ശ്രദ്ധ പദ്ധതി നടപ്പിലാക്കുക
- 4 ,5 ക്ലാസുകളിലെ കുട്ടികൾക്കായി ഹിന്ദി പഠനം കൂടുതൽ കാര്യക്ഷമമാക്കുക
- ഇംഗ്ലീഷ് പ്രാവീണ്യം വർധിപ്പിക്കുന്നതിനായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ സജ്ജമാക്കുക
- പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തുകയും ബോധന പരിഹാര മാർഗങ്ങൾ നടപ്പിലാക്കുകയും ചെയ്യുക
- ക്ലബ്ബുകൾ രൂപീകരിച്ച ദിനാചരണങ്ങൾ ക്ലബ്ബുകൾക്ക് കീഴിൽ വരുത്തുക
- മാസത്തിൽ കുട്ടികൾക്ക് അവരവരുടെ പാഠഭാഗവുമായി ബന്ധപ്പെട്ട അവതരണങ്ങൾക്ക് വേദിയൊരുക്കുക
- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക
- ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക

Scanned with OKEN Scanner

- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക
- സ്കൂൾ സുരക്ഷാസമിതി രൂപീകരിച്ച് സ്കൂളിന്റെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുക
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐസിടി സാധ്യത ക്ലാസുകളിൽ ഉറപ്പാക്കുക

  മുൻവർഷങ്ങളിലേതു പോലെ ജികെ ബോക്സ് എന്ന പൊതുവിജ്ഞാന പരിശീലനം നടപ്പാക്കുക
- ഗണിത ലാബ് സയൻസ് ലാബ് ലൈബ്രറി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക
- കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സുമ്പ ഡാൻസ്, കായിക അഭ്യാസങ്ങൾ എന്നിവ സംഘടിപ്പിക്കുക
- സ്കൂൾ പ്രവർത്തനങ്ങളുടെ ഡിജിറ്റൽ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുക
- പരിസ്ഥിതി ക്ലബ്ബുമായി ചേർന്ന് കുട്ടികളുടെ പങ്കാളിത്തത്തോടെ കാർഷിക പ്രവർത്തനങ്ങളും പൂന്തോട്ടങ്ങളും സജ്ജമാക്കുക
- കുട്ടികളുടെ മികവുകളും സ്കൂൾ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി മൂന്നുമാസത്തിലൊരിക്കൽ സ്കൂൾ പത്രം തയ്യാറാക്കുക.
- രക്ഷിതാക്കളുടെയും എസ്എംസി അംഗങ്ങളുടെയും സഹായത്തോടെ കുട്ടികളുടെ കലാകായിക പ്രവർത്തി പരിചയ പ്രവർത്തനങ്ങൾ പരിശീലിപ്പിക്കുക
- സാമൂഹ്യ പങ്കാളിത്തത്തോടെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.
- ഈ വർഷവും സ്കൂൾ പത്രത്തിനുള്ള സ്പോൺസേഴ്സിനെ കണ്ടെത്തുകയും സ്കൂൾ പത്രം കുട്ടികൾ വായിക്കുന്നതിനായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുക

Scanned with OKEN Scanner

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. എല്ലാ കുട്ടികളേയും എഴുത്തിലും, വായനയിലും പ്രാപ്തരാക്കുക.
2. സർഗ്ഗാത്മക രചനയ്ക്കും അവതരണത്തിനും കൂടുതൽ അവസരം ഒരുക്കുക.
3. അടിസ്ഥാന ഗണിതാശയങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പിക്കുക.
4. ഇംഗ്ലീഷ് ഭാഷ അനായാസം ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
5. പരിസ്ഥിത സൗഹൃദപരമായ അന്തരീക്ഷത്തിൽ കുട്ടികളിൽ ശാസ്ത്രബോധം വളർത്തൽ.
6. എല്ലാ ക്ലാസുകളിലും നൂതന സാങ്കേതിക വിദ്യാലയത്തിലൂടെയുള്ള പഠനം ഉറപ്പിക്കൽ.
7. ഐ.ടി മേഖലയിൽ കുട്ടികളുടെ പ്രാവീണ്യം ഉറപ്പിക്കുന്നതിനായി പരിശീലനം നൽകൽ.
8. പഠനത്തോടൊപ്പം തൊഴിൽ പരിശീലനം ഉറപ്പിക്കൽ
9. സ്കൂളിലെ ആനുകാലിക സംഭവങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള പത്ര നിർമ്മാണത്തിനു പ്രാപ്തരാക്കൽ.
10. അക്കാദമിക മികവ് സമൂഹത്തിലെത്തിക്കാൻ കോർണർ പി.ടി.എയും സ്കൂൾ പത്രവും തയ്യാറാക്കൽ.
11. അക്കാദമിക മികവിനായി ക്ലാസ് തല സപ്പോർട്ടിംഗ് ഗ്രൂപ്പ് സജീവമാക്കൽ.
12. ആധുനിക സൗകര്യങ്ങളുള്ള ലബോറട്ടറി, വായനശാല എന്നിവ ഒരുക്കൽ.
13. പിന്നാക്കക്കാർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോക്കക്കാർക്ക് ഒപ്പമെത്തിക്കുക.
14. പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകുക.
15. പ്ലാസ്റ്റിക് വിമുക്തമായ വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക.
16. കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കുക.



Scanned with OKEN Scanner

* ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
* മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
* പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ അധ്യാപനത്തിനും പഠനത്തിനും അവസരമൊരുക്കുക.
* ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
* മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
* ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്റ്റുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
* ജൈവ വൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.

Scanned with OKEN Scanner

- ➢ കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
- ➢ സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- ➢ പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ / വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
- ➢ കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
- ➢ മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ
- ➢ ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക,
- ➢ കുട്ടികളിലെ കായിക ക്ഷമത ഉറപ്പ് വരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ➢ ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

## <u>നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ</u>

| വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| 1.ക്ലാസ്സ് മുറി | 5 | 0 |
| 2.ആൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | 2 | 2 |
| 3.പെൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | 3 | 2 |
| 4.കിണർ | ഇല്ല | ഇല്ല |
| 5.ലൈബ്രറി | 1 | 0 |
| 6.ചുറ്റുമതിൽ | ഉണ്ട് | ഉണ്ട് |
| 7.കളിസ്ഥലം | ഇല്ല | ഇല്ല |
| 8.ക്ലാസ്സ്മുറിയിൽ റാംപ് | ഉണ്ട് | ഉണ്ട് |
| 9.അടുക്കള | 1 | 1 |
| 10.കമ്പ്യൂട്ടർ ലാബ് | 1 | 0 |
| 11.റീഡിംഗ് റൂം | 0 | 0 |

Scanned with OKEN Scanner

# പ്രശ്നങ്ങളും വെല്ലുവിളികളും

**അക്കാദമികം**

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്..
3. ശരിയായ കായികക്ഷമത ഉറപ്പ് വരുത്താൻ കഴിയുന്നില്ല.
4. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
5. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.
6. പഠന പ്രക്രിയ പൂർണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
7. കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകാൻ ശാസ്ത്രീയ മാർഗങ്ങളുടെ അഭാവം.

**ഭൗതികം**

1. ആവശ്യമായ കളിസ്ഥലത്തിന്റെ അഭാവം.
2. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.

**സാമൂഹികം**

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾക്ക് ആവശ്യമായ അവബോധമില്ല.

2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമപരിരക്ഷയെക്കുറിച്ച് ധാരണ ഇല്ല.

Scanned with OKEN Scanner

# അക്കാദമിക പ്ലാൻ-Short Term-Malayalam

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിള ക്കം) | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറുപ്പ്<br>9. ചിത്രം- കഥപറയൽ<br>10. ചിത്രം- കഥ എഴുതൽ<br>11. കഥ- ബാക്കി എഴുതൽ<br>12. കഥാ പുസ്തകം നൽകൽ<br>13. CD-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | 2 months Aug-Sept | പുസ്തകങ്ങൾ<br>CD | BRC<br>DIET<br>SMC<br><br>BRC<br>IED<br>Trainer<br>PTA |

Scanned with OKEN Scanner

# അക്കാദമിക പ്ലാൻ-Short Term-Malayalam

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തകചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ-വായന<br>20. പുസ്തകം ഒരുക്കൽ<br>21. വായനക്കൂട്ടം-മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | 6 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>PTA<br>BRC |



Scanned with OKEN Scanner

## അക്കാദമിക പ്ലാൻ-Short Term-Malayalam

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുക്കൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തകചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന സംഘ രചന<br>14. ഭാഷാ പ്രോജക്ട്<br>15. സാഹിത്യകാന്മാരുമായുള്ള സംവാദം, അഭിമുഖം<br>16. രചയിതാക്കളെ പരിചയപ്പെടൽ<br>17. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | 6 months<br>Auditorium | ലൈബ്രറി<br>പുസ്തകങ്ങൾ<br>ജീവചരിത്ര പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | BRC<br>DIET<br>SMC<br>BRC<br>ജനപ്രതിനിധി<br>SMC<br>Teachers |



Scanned with OKEN Scanner

## Project - Malayalam

### ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ചവായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം)

വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക, ഒപ്പം മികച്ച എഴുത്തു കാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

**ലക്ഷ്യങ്ങൾ**

*എല്ലാവർക്കും എഴുത്തും വായനയും.

*വായനക്കൂട്ടം, എഴുത്ത് കൂട്ടം

*ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി

*ഗ്രന്ഥശാല അംഗത്വം

*ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ

*വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ

*മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ

*ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക

*വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക

*വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക

*ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക

*എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക

*ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക

*സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ

*ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ



Scanned with OKEN Scanner

## പ്രവർത്തനങ്ങൾ

1. മലയാളത്തിളക്കം (Pre-test)
പ്രി-ടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരേ കണ്ടെത്തി.

2. അക്ഷരം ഉറപ്പിക്കൽ (1 month)
ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. അടയാളങ്ങൾ ഉറപ്പിക്കൽ
ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4. അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്
അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. ചിത്രം - അടിക്കുറിപ്പ്
ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. കഥ - ബാക്കി പറയൽ - എഴുതൽ
ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു

7. കഥാപുസ്തകം - നൽകൽ
വായന, കുറിപ്പ് തയ്യാറാക്കൽ

8. CD പ്രദർശനം
ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം - എഴുതാനവസരം.

9. ഭിന്നശേഷിക്കാരേ പരിഗണിക്കൽ
ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം.

10. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ
ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന group ആക്കുന്നു. എത്ര പുസ്തകം വായിക്കാം. വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

11. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ



Scanned with OKEN Scanner

കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

12. സ്കൂൾ ലൈബ്രറി നവീകരണം

സ്കൂൾ ലൈബ്രറി നവീകരണം. പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തകവിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ പുസ്തകശേഖരണം.

13. സമീപ ഗ്രന്ഥശാല അംഗത്വം

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം

14. വായനോത്സവം സംഘടിപ്പിക്കൽ

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്ത കമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം. (പാഠഭാഗവുമായി ബന്ധ പ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. പത്രവായന

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ വായന - എഴുത്ത്. പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനാവസരം - വായനാമുറി - വായനാക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശിൽപ്പശാല.

17. പുസ്തകചർച്ച - വായനാനുഭവം പങ്കുവയ്ക്കൽ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം. കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. മാസത്തിൽ ഒരു ദിവസം.



Scanned with OKEN Scanner

18. വായനാക്കുറിപ്പ്
ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

19. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം
വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം - വിവിധ മത്സരങ്ങൾ സംഘടിപ്പി ക്കൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

20. ക്ലാസ്, സ്കൂൾ ബാലസഭകൾ
ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം. വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം.

21. ദിനാചരണങ്ങൾ.
വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണ ങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22. ആകാശവാണി ക്ലബ്ബ്
കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരേ, ക്ലാസ്സുകാരേ കണ്ടെത്തൽ, പ്രോത്സാഹനം.

23. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം
സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മനസിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

24. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും
ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീക രണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

25. വായനാസാമഗ്രികൾ വികസിപ്പിക്കൽ
കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരു ടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡ് ചെയ്തു ഉപയോഗിക്കൽ.



Scanned with OKEN Scanner

26. ഇ-വായന - സാധ്യത കണ്ടെത്തൽ

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനാക്കൂട്ടത്തിന്റെയും എഴുത്തു കൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ വിവിധ കൃതികൾ, കവിത, എന്നിവ വീഡിയോ കാണൽ

27. വായനാക്കൂട്ടം, എഴുത്തുകൂട്ടം - മോണിറ്ററിംഗ്

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ BRC, DIET അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ, എന്നിവരുടെ സേവനം.

28. കാവ്യകൂട്ടം

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം സംഘടിപ്പിക്കുന്നു. (BRC യുടെ സഹായത്തോടെ)

29. എഴുത്തുകൂട്ട രൂപീകരണം

കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പി ക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

30. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

31. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം list ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യ സൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലകളിലുള്ള വ്യക്തികളുടെ ആഗമനം സംവാദം, അഭിമുഖം.

32. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ്

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.



Scanned with OKEN Scanner

33. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദ നക്കുറിപ്പും തയ്യാറാക്കൽ - പതിപ്പ് - പ്രകാശനം.

34. പൊതുവേദിയിലെ പ്രകടനങ്ങൾ
കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, ഗ്രന്ഥറേഡിയോ ക്ലബ്ബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം. യോഗങ്ങൾ സംഘടിപ്പിക്കൽ.

35. വ്യക്തിഗത രചന, സംഘരചന
കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ. പുസ്തകം തയ്യാറാക്കൽ.

36. ഭാഷാ പ്രോജക്ടുകൾ
ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

37. രചയിതാക്കളെ പരിചയപ്പെടൽ
അസംബ്ലിയിൽ ഒരു ഇനമാകണം. കൃതികൾ സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ്, പവർ പോയിന്റ് അവതരണം. രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധ പ്പെടുത്തി (പ്രതിമാസം) ജൂലൈ - ബഷീർ, ആഗസ്റ്റ് എസ്.കെ.പൊറ്റക്കാട്.

38. ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ
BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കാൽ പ്രോത്സാഹനം. പ്രഗത്ഭരുടെ സേവനം.

39. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി
സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവചരിത്രകുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.



Scanned with OKEN Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല – ഇംഗ്ലീഷ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ഏജൻസി | റിമാർക്സ് |
|---|---|---|---|---|
| • Eneffective teaching<br>• Eneffective Pronounciation<br>• Lack of communica tion skill<br>• Addressing Slopers Learners<br>• Unsufficient vocabu- lary<br>• Deffective Sentence Pattern<br>• Illegible hand writting | • Workshop for teachers by language expert<br>• Audio, Video cliping on correct pronounciation ICT Fecilities<br>• Readers theatre<br>• Dramatisatim of stomics and enactive them conducting english fest<br>• Conducting english fest<br>• Hello english<br>• English Assembly<br>• English chating through whatsapp<br>• Spoken english classes<br>• TM and TLM addressing the sloppers learners remedial teaching<br>• Word games<br>• Words study using computers spelling contests<br>• Making cross word puzzeles<br>• Dictimary making using the words of textbook making sentence cards<br>• Using sentence cards in classroom<br>• Playing equpments for learning english<br>• Correct sentence structure with let fecilities<br>• Writing with LCT fecilities<br>• Pear group learning<br>• English diary | | SMC<br>Teachers<br>BRC<br>DIET | |



Scanned with OKEN Scanner

അക്കാദമിക് മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : പരിസര പഠനം**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| എല്ലാ ക്ലാസ്സുകളിലും പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക | • എല്ലാ ക്ലാസ്സുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.<br>• നിരന്തര മൂല്യനിർണ്ണയത്തിനാവശ്യമായ ടൂളുകൾ യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തണം.<br>• ഉപകരണ നിർമ്മാണ ശിൽപശാല നടത്തി ക്ലാസ് ലാബ് തയ്യാറാക്കുന്നു. | June to March | 3000 | SMC | |
| ശാസ്ത്രത്തിന്റെ പ്രക്രിയാ ശേഷികളിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക | • സ്കൂൾ ലാബ് ശാക്തീകരണം, വിഭവശേഖരണം<br>• എല്ലാ ക്ലാസ്സുകളിലും സയൻസ് ലാബ് / ശാസ്ത്രകോർണർ<br>• എല്ലാവർക്കും ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്ന രീതിയിൽ ആഴ്ചയിൽ നടത്തുന്ന സയൻസ് മാജിക് ഷോ<br>• കുട്ടിക്കൊരു ശാസ്ത്ര കിറ്റ് | " | 5000 | പൂർവ്വ വിദ്യാർത്ഥി സംഘടനകൾ | |
| ആധുനിക സാങ്കേതിക വിദ്യ | • ഐസിടി വിഭവങ്ങൾ തയ്യാറാക്കൽ<br>• ഡിജിറ്റൽ TM<br>• Computer Lab | | 10000 | SMC<br>Teachers<br>Panchayath | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : ഗണിതം**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| ശിശു സൗഹൃദ പഠന സാമഗ്രിയുടെ കുറവ് | • ഗണിത ലാബ് ശാക്തീകരണം<br>• ക്ലാസ് ഗണിതലാബ് ശാക്തീകരണം | June to March | 2000 | SSK | |
| മികച്ച ഗണിത ഗ്രന്ഥങ്ങളുടെ അഭാവം | • ഗണിത പുസ്തകങ്ങൾ ശേഖരിച്ച് മികച്ച ഗണിത ലൈബ്രറി ഉണ്ടാക്കുക. | " | | SMC<br>MPTA | |



Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| ഗണിത പഠനം രസകരവും ആകർഷകവുമാക്കാൻ സാധിക്കുന്നില്ല | • ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ<br>• ഗണിത ക്ലബ്ബ് ശാക്തീകരണം | | | SSK | |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ പല കുട്ടികൾക്കും കഴിയുന്നില്ല | • മാത്‌സ് ക്ലിനിക്ക്<br>• മാത്‌സ് വർക്ക് ഷീറ്റ്<br>• ജിയോജിബ്ര പരിശീലനം<br>• ഗണിസ്കിറ്റ് അവതരണം<br>• മുന്നേറ്റം ക്ലാസ്സുകൾ | | | SMC<br>SSK | |
| ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടാനും സ്വയം രചനകൾ നടത്തുവാനും കഴിയുന്നില്ല. ഗണിക പഠനം വിരസമാകുന്നു | • ഗണിത മാഗസിൻ<br>• ചുമർ പത്രികകൾ സ്കൂൾ തലം<br>• ഗണിത ശാസ്ത്രമേള<br>• ചോദ്യോത്തര പെട്ടി | | | SSK | |
| മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനും സാധിക്കുന്നില്ല | • ഗണിത മെഗാക്വിസ്<br>• മാത്‌സ് ടാലന്റ് സെർച്ച് എക്സാമിനേഷൻ<br>• മാത്‌സ് ക്യാമ്പുകൾ<br>• ഗണിതോത്സവം<br>• ലിറ്റിൽ മാത്തമാറ്റിക്സ് പ്രോഗ്രാം | | | SMC<br>Teachers<br>BRC | |
| ഗണിത കളി, ചെസ്സ്, പസിൽസ്, നാട്ടറിവ്, ഒറിഗാമി, സെമിനാർ, പാട്ട് | • ഗണിത ഗെയിം കോർണർ | | | | |

| അക്കാദമിക് മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – ആരോഗ്യ കായിക വിദ്യാഭ്യാസം | | | | | |
|---|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി | റിമാർക്സ് |
| കുട്ടികളിൽ കായിക ക്ഷമതയുടെ കുറവ് | • കായിക ക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക.<br>• സ്പോർട്സ് ക്യാമ്പുകൾ സംഘടിപ്പിക്കുക<br>• യോഗ, സൈക്കിളിംഗ്, നീന്തൽ എന്നിവയിൽ പരിശീലനം നൽകുക.<br>• പ്രദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക.<br>• യോഗക്ലാസ്സുകൾ സംഘടിപ്പിക്കുക<br>• അയോധന കലകളിൽ പരിശീലനം നൽകുന്നു. | June to March | 5000 | BRC<br>SMC | |

| | | | | | |
|---|---|---|---|---|---|
| സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം | • കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.<br>• സ്പോർട്സ് അക്കാദമി രൂപീകരിക്കൽ | | 3000 | BRC | |
| കുട്ടികൾക്ക് താൽപര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നില്ല | • കായിക പ്രതിഭാ പദ്ധതി-താൽപര്യമുള്ള ഇനങ്ങളിൽ വിദഗ്ദ്ധ പരിശീലനം | | | SMC | |
| കായികതാരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല | • കായിക പ്രതിഭകളെ ആദരിക്കൽ | | | SMC | |
| കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ അവസരം ഇല്ല | • വൈദ്യ പരിശോധന<br>• ആരോഗ്യ ക്ലാസ്സുകൾ<br>• സിഡി പ്രദർശനം<br>• സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം | | | Health Centre SMC | |
| ശരിയായ ഭക്ഷണശീലത്തെക്കുറിച്ചുള്ള അറിവില്ലായ്മ | • ആരോഗ്യ ക്ലാസ്സുകൾ<br>• അടുക്കളത്തോട്ടം | | | SMC Teachers | |
| പ്രഥമശുശ്രൂഷയെക്കുറിച്ചുള്ള ധാരണക്കുറവ് | • വിദഗ്ധരുടെ ക്ലാസ്സുകൾ<br>• സിഡി പ്രദർശനം<br>• പ്രഥമശുശ്രൂഷ കിറ്റ്-സൗകര്യം ലഭ്യമാക്കൽ | | | Health Centre | |



Scanned with OKEN Scanner